സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

## എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# സർട്ടിഫിക്കറ്റ് ഇൻ ഫോറൻസിക് ഫിനാൻസ് (CFF)

**2026 ജൂലൈ സെഷൻ**

### പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജൂലൈ സെഷനിൽ ആരംഭിക്കുന്ന **സർട്ടിഫിക്കറ്റ് ഇൻ ഫോറൻസിക് ഫിനാൻസ്** (CFF) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത പഠന കേന്ദ്രങ്ങളുടെ സഹായത്തോടെയാണ് തിയറി പ്രാക്ടിക്കൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. ആറു മാസ മാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. FF001: Forensic Finance
2. FF002: Principal Financial Statements
3. FF003: Distortion of Accounting Principles
4. FF004: Forensic Financial Analysis
5. FF005: Internship

പ്രവൃത്തി ദിവസങ്ങളിലും പൊതു അവധി ദിവസങ്ങളിലും ഉള്ള വെവ്വേറെ ബാച്ചുകളിൽ ചേർന്നു പഠിക്കുന്നതിന് സൗകര്യമുണ്ട്. തിയറി പ്രാക്ടിക്കൽ ക്ലാസുകൾ, സ്വയം പഠന സഹായികൾ, ഇന്റേൺഷിപ്പ്, എന്നീ മാർഗങ്ങളിലൂടെയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് 70 ശതമാനം ഹാജർ ഉറപ്പുവരുത്തണം. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയാണ്.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഒരു സർട്ടിഫൈഡ് ഫോറൻസിക് ഫിനാൻഷ്യൽ അനലിസ്റ്റിന് വേണ്ട അറിവും കഴിവും നൈപുണ്യവും ലഭിക്കും. ഫോറൻസിക് അക്കൗണ്ടിംഗ് രംഗത്തുള്ള വൈദഗ്ധ്യം, കമ്പനികളുടെ അക്കൗണ്ടുകളുടെ വിശദമായ വിശകലനത്തിനും, അവയുടെ കരുത്ത് ദൗർബല്യങ്ങൾ, അക്കൗണ്ടിംഗ് രംഗത്ത് വരാൻ സാധ്യതയുള്ള തട്ടിപ്പുകൾ, വ്യത്യസ്ത അക്കൗണ്ടിംഗ് ഇനങ്ങളുടെ തരംതിരിക്കൽ, ബിസിനസ്സിൽ വരാൻ സാധ്യതയുള്ള ലാഭനഷ്ടങ്ങൾ, ധനാഗമ മാർഗ്ഗങ്ങൾ, ധനവിനിയോഗ രീതികൾ, ഫണ്ട് വകമാറ്റൽ, മുതലായ കാര്യങ്ങൾ കണ്ടെത്താനുള്ള കഴിവ് ആർജിക്കുന്ന തരത്തിലാണ് പാഠ്യ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇന്റേൺഷിപ്പും പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ചേരുന്നതിനുള്ള ഫീസ് അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് 12,200/- രൂപയാണ്. ഫീസ് രണ്ട് തവണയായി അടക്കുന്നതിനുള്ള സൗകര്യമുണ്ട് https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈ നായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 **ജൂലൈ** 30. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. അംഗീകൃത

പഠനകേന്ദ്രം വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

| **Contact Details of the Study Centre offering Certificate in Forensic Finance (CFF)** | | |
|---|---|---|
| 1 | Thiruvananthapuram | Pioneer Group of Institutions, Mele Thampanoor, Thiruvananthapuram, Pin-695001, Mob: 9074566701 |

Sd/-
ഡയറക്ടർ